**<u>ഭരണഭാഷ മാതൃഭാഷ</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. **27/11/2021**

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ഓഫീസ് 01/11/2021 മുതൽ ബി.എസ്.എൻ.എല്ലിന്റെ കൈമനം റീജിയണൽ ടെലിക്കോം ട്രയിനിംഗ് സെന്ററിലെ കെട്ടിടത്തിൽ പ്രവർത്തനം അരംഭിച്ചു. **കമ്മീഷന്റെ ആവശ്യത്തിലേക്കായി ചുവടെ പറയുന്ന തരത്തിലുള്ള നല്ല നിലയിൽ ഉള്ള വാഹനങ്ങൾ വാടകക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

| | |
|---|---|
| വാഹനം | ഇന്നോവ ക്രിസ്റ്റ – 2 എണ്ണം |
| **മോഡൽ** | 2020/2021 |
| സീറ്റിങ് കപ്പാസിറ്റി | 6+1(ബക്കറ്റ് സീറ്റിങ്) |
| കാലാവധി | ഒരു വർഷം |
| ഓടേണ്ട പ്രതി മാസ കിലോമീറ്റർ | 2000 |

| | |
|---|---|
| വാഹനം | Toyota Platinum Etios VX –1 എണ്ണം |
| **മോഡൽ** | 2020/2021 |
| സീറ്റിങ് കപ്പാസിറ്റി | 4+1 |
| കാലാവധി | ഒരു വർഷം |
| ഓടേണ്ട പ്രതി മാസ കിലോമീറ്റർ | 2000 |

| Model | Rate/2000K. M/Month | Rate of Additional | Other charges if | Registration No. of the | Odometer Reading as |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (Rs.) | K.M (Rs./K.M) | any (Rs.) | Vehicle | on date |
| With Driver | | | | | |

**നിബന്ധനകൾ**

1.) വകുപ്പിൽ നിന്നും വാഹന വാടക മാത്രം നൽകുന്നതാണ്.

2.) വാഹനത്തിന്റെ ആ .ർ.സി.ബുക്ക്, ഇൻഷ്വറൻസ്, ടാക്സി പെർമിറ്റ് എന്നിവയുടെ പകർപ്പുകളും ആകെ ഓടിയ കിലോമീറ്ററും ക്വട്ടേഷനൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

3.)ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെയുള്ള യാത്രകൾക്ക് വാഹനം ഉപയോഗിക്കേണ്ടതുണ്ട്.

4.) ക്വട്ടേഷൻ അംഗീകരിക്കുന്നതിനും കാരണം പറയാതെ നിരസിക്കുന്നതിനുമുള്ള അധികാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

5.) ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വികാസ്ഭവനിലെ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പ്രവർത്തിദിവസങ്ങളിൽ ലഭ്യമാണ്.

6.) Dry/Wet lease നിരക്കുകളും 2000 കിലോമീറ്ററിനു മുകളിൽ ഒരു മാസം ഓടുന്ന പക്ഷം ഓരോ കിലോമീറ്ററിനും ഉള്ള നിരക്കും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

ക്വട്ടേഷനുകൾ 08/12/2021 തീയതി വൈകിട്ട് 3.00 മണി വരെ സ്വീകരിക്കുന്നതും 3.30 ന് തുറക്കുന്നതും, വാഹനം രജിസ്റ്റർ ചെയ്ത വർഷം, വാഹനം ഇതുവരെ ഓടിയിട്ടുള്ള കിലോമീറ്റർ, ക്വാട്ട് ചെയ്തിരിക്കുന്ന കുറഞ്ഞ തുക എന്നിവയുടെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയോ മറ്റ് തടസ്സങ്ങളോ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നടപടികൾ സ്വീകരിക്കുന്നതായിരിക്കും

ക്വട്ടേഷൻ അടങ്ങിയ കവറിനു മുകളിൽ "Quotation for HIRING VEHICLE" എന്ന മേലെഴുത്ത് ഉണ്ടാവണം. ഇവ ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം-33, എന്ന വിലാസത്തിൽ അയക്കണം. അവരവരുടെ സ്വന്തം ലെറ്റർ ഹെഡുകളിൽ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്. അനുവദിച്ചിരിക്കുന്ന സമയ പരിധിക്ക് ശേഷം സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നല്കിയവർക്കോ അവരുടെ പ്രതിനിധികൾക്കോ ക്വാട്ടേഷൻ തുറക്കുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

വിശ്വസ്തതയോടെ

Signature valid

Digitally signed by Sajeevu P P
Date: 2021.11.27 12:41:53 IST
Reason: Approved

**DIRECTOR**

To

നോട്ടീസ് ബോർഡ്/വെബ്സൈറ്റ്